"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ്- മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾക്ക് അടിസ്ഥാന പ്രമാണമായി ആധാർ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.440/2023/TRANS തീയതി,തിരുവനന്തപുരം, 08-10-2023

---

പരാമർശം:-

1) 16/09/2022-ലെ S.O.4353(E) നമ്പർ കേന്ദ്ര സർക്കാർ വിജ്ഞാപനം

2) ഗതാഗത കമ്മീഷണറുടെ 06/07/2023-ലെ എസ്.എസ്.ജി.2/295/2022-റ്റി.സി നമ്പർ കത്ത്

**ഉത്തരവ്**

ആധാർ പ്രമാണീകരണവുമായി ബന്ധപ്പെട്ട് പരാമർശം (1) വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഓൺലൈൻ സർവ്വീസുകളിൽ 21 സർവ്വീസുകൾ പൂർണ്ണമായും ആധാർ അധിഷ്ഠിതമാക്കുന്നതിനുള്ള സോഫ്റ്റ്-വെയർ സജ്ജീകരിച്ചു കൊണ്ടിരിക്കുകയാണെന്നും പ്രസ്തുത 21 സർവ്വീസുകൾ പൂർണ്ണമായും ആധാർ അധിഷ്ഠിതമാക്കുന്നത് വഴി ജനങ്ങൾക്ക് ഓഫീസ് സന്ദർശനം ഒഴിവാക്കാനാകുമെന്നും അഡ്രസ്സ്, വയസ്സ് എന്നിവയുടെ പ്രൂഫ് ആയി ആധാർ പരിഗണിക്കാമെന്ന കേന്ദ്രനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, എല്ലാ ഓഫീസുകൾക്കും ആയത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ആധാർ, നിർബന്ധിത ഡോക്യുമെന്റ് ആക്കുന്നത് വഴി അപ് ലോഡ് ചെയ്യേണ്ട മറ്റു രേഖകൾ (എസ്.എസ്.എൽ.സി./ സ്കൂൾ സർട്ടിഫിക്കറ്റ്, ബർത്ത് സർട്ടിഫിക്കറ്റ് മുതലായവ) ഒഴിവാക്കാൻ സാധിക്കുമെന്നും അത് വഴി സേവനങ്ങൾക്കാവശ്യമായ നടപടിക്രമങ്ങൾ സുതാര്യമാക്കി മാറ്റാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയും കൂടാതെ, ആധാർ അടിസ്ഥാന പ്രമാണമാക്കുന്നതിനും മറ്റുള്ള രേഖകൾ ഒഴിവാക്കുന്നതിനുമുള്ള അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാർശം (1) വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ആധാർ അധിഷ്ഠിതമായി നൽകാവുന്ന ഓൺലൈൻ സേവനങ്ങളിൽ, 21 സേവനങ്ങൾ അപ്രകാരം നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ മോട്ടോർവാഹന വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത സേവനങ്ങൾക്ക് ആധാർ അടിസ്ഥാന പ്രമാണമായി ഉപയോഗിക്കുന്നതിനും മറ്റ് രേഖകൾ അപ്-ലോഡ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), കേരളം, തിരുവനന്തപുരം വെബ് & ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## Services enabled with Aadhar Authentication

| Sl no | Services provided by the Department | Whether Online or Not | Remarks |
|---|---|---|---|
| 1 | Change of Address in Registration Certificate | Yes | Faceless & Aadhar enabled |
| 2 | Transfer of Ownership of Vehicle | Yes | Faceless & Aadhar enabled |
| 3 | Issue of No Objection Certificate | Yes | Faceless & Aadhar enabled |
| 4 | Issue of Duplicate Registration Certificate | Yes | Faceless & Aadhar enabled |
| 5 | Cancellation of Hypothecation | Yes | Faceless & Aadhar enabled |
| 6 | Endorsement of Hypothecation | Yes | Faceless & Aadhar enabled |
| 7 | Renewal of Permits Authorisation | Yes | Faceless & Aadhar enabled |
| 8 | Renewal of Permit (Except Stage Carriage) | Yes | Faceless & Aadhar enabled |
| 9 | Cancellation of Permit | Yes | Faceless & Aadhar enabled |
| 10 | Issue to temporary Permits to Vehicles | Yes | Faceless & Aadhar enabled |
| 11 | Issue of Special Permits to Contract Carriages | Yes | Faceless & Aadhar enabled |
| 12 | Issue of Permits to Contract Carriages | Yes | Faceless & Aadhar enabled |
| 13 | Issue of Permits to Goods Carriages | yes | Faceless & Aadhar enabled |
| 14 | Issue of Permits for EIBs | yes | Faceless & Aadhar enabled |
| 15 | Issue of Permits for PSVs | yes | Faceless & Aadhar enabled |
| 16 | Duplicate Permit | Yes | Faceless & Aadhar enabled |
| 17 | Issue of All India Tourist Permit | Yes | Faceless & Aadhar enabled |
| 18 | Issue of Authorisation to All India Permit | Yes | Faceless & Aadhar enabled |
| 19 | Issuance of National Permits to Goods Carriages | Yes | Faceless & Aadhar enabled |
| 20 | Temporary Registration of new Vehicles that have factory-built body and need to reserve number | Yes | Faceless & Aadhar enabled |
| 21 | Registration of factory-built vehicles | Yes | Faceless & Aadhar enabled |